# കർഷകസംഘം സെമിനാർ

**തിരുവനന്തപുരം**

**01.12.2009**

**ആസിയാൻ കരാർ കേരളത്തിലെ കാർഷികമേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് കർഷകസംഘം സംസ്ഥാനകമ്മിറ്റി സംഘടിപ്പിച്ച സെമിനാർ ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.**

**ആസിയാൻ കരാറുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണ സൃഷ്ടിക്കാൻ കേന്ദ്രഗവൺമെന്റും കേന്ദ്രഭരണ കക്ഷിക്കാരും കൊണ്ടുപിടിച്ച് ശ്രമിക്കുകയാണ്. അതിനായി മലയാളപത്രങ്ങളിൽ പലതവണ പരസ്യങ്ങൾ നൽകി. നെഗറ്റീവ് ലിസ്റ്റ് സംബന്ധിച്ച് ഞാൻ പ്രകടിപ്പിച്ച അഭിപ്രായം തെറ്റാണെന്ന് വരുത്താൻ കേന്ദ്ര വാണിജ്യമന്ത്രി ആനന്ദ്ശർമ്മ പലതവണ പത്രസമ്മേളനം നടത്തി. ആസിയാൻ കരാർ കേരളത്തിന് വലിയ അനുഗ്രഹമാണെന്നുവരെ ചെന്നിത്തലയും ഉമ്മൻചാണ്ടിയും നിർലജ്ജം പ്രചരിപ്പിക്കുന്നു. കേരളത്തോട് ചെയ്യുന്ന കൊടിയ വഞ്ചനയാണിത്. അതുകൊണ്ട് സത്യാവസ്ഥ ജനങ്ങളെ അറിയിക്കാനും കരാറിനെതിരെ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കാനും ഇത്തരം സെമിനാറുകൾ സഹായിക്കും. ശക്തമായ ബഹുജനസമരങ്ങൾ ഉയർത്തിക്കൊ**

ണ്ടുവന്ന് നയം തിരുത്തിക്കാൻ കേന്ദ്രസർക്കാരിനെ നിർബന്ധിത മാക്കണം.

കൃഷി, കൃഷി അനുബന്ധ മേഖലകളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവ സംസ്ഥാനങ്ങളുടെ അധികാര പരിധി യിൽപ്പെട്ട വിഷയങ്ങളാണ്. അക്കാര്യം പൂർണമായും അവഗണി ച്ചുകൊണ്ടാണ് കാർഷിക മേഖലയുമായി ബന്ധപ്പെട്ട സാർവദേ ശീയ ഉടമ്പടികളിൽ കേന്ദ്രസർക്കാർ ഒപ്പുവെക്കുന്നത്. ലോകബാ ങ്കിന്റെയും ഐ.എം.എഫിന്റെയും നിർദ്ദേശങ്ങൾ പാലിക്കാനുള്ള വ്യഗ്രതയിൽ ജനാധിപത്യ തത്വങ്ങളും ഫെഡറൽ തത്വങ്ങളും പൂർണമായും വിസ്മരിക്കുകയാണ് കേന്ദ്ര ഗവർമെണ്ട്. അക്കാര്യ ത്തിൽ എൻ.ഡി.എ. എന്നോ യു.പി.എ. എന്നോ വ്യത്യാസമില്ല.

കാർഷിക-കാർഷിക അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര കരാറുകൾ ഒപ്പുവെക്കും മുമ്പ് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ അഭിപ്രായം തേടണമെന്ന് ദേശീയ വികസന സമിതിയോഗത്തിൽ കേരളം ശക്തമായി ആവശ്യപ്പെട്ടുപോരുന്ന താണ്. സംസ്ഥാനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുവേണം കരാർ നടപടികളുമായി മുന്നോട്ടുപോകാൻ എന്ന കേരളത്തിന്റെ അഭിപ്രായത്തോട് യു.പി.എ.യിൽപെട്ട ചില മുഖ്യമന്ത്രിമാരും ആഭിമുഖ്യം കാട്ടുകയുണ്ടായി. അതേതുടർന്ന്, സംസ്ഥാനങ്ങ ളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടേ വ്യാപാര കരാറുകളു ണ്ടാക്കൂ എന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചതുമാണ്. ആഭ്യന്തര മായി കാർഷിക പ്രതിസന്ധി നിലനിൽക്കേ സ്വതന്ത്ര വ്യാപാര കരാറുകളുണ്ടാക്കുന്നതിൽ യു.പി.എ. അധ്യക്ഷ സോണിയാ ഗാന്ധി പ്രധാനമന്ത്രിയെ വിയോജിപ്പ് അറിയിച്ചതായും

മുൻഗവൺമെണ്ടിന്റെ കാലത്ത് വാർത്തയുണ്ടായിരുന്നു. ഒന്നാം യു.പി.എ. ഗവൺമെന്റ് നിലനിന്നത് ഇടതുപക്ഷത്തിന്റെ പിന്തുണ കൊണ്ടായിരുന്നതിനാലും ഇടതുപക്ഷമാകട്ടെ, തെറ്റായ സ്വതന്ത്ര വ്യാപാര കരാറുകളെ നഖശിഖാന്തം എതിർത്തുകൊണ്ടിരിന്നുവെന്നതിനാലും കോൺഗ്രസ്-ഐ ക്കകത്തുതന്നെ ചെറിയൊരു വിഭാഗം മേൽ നയത്തിന് എതിരാണ് എന്നതിനാലുമാണ് സോണിയാ ഗാന്ധി അന്ന് 'വിയോജിക്കാൻ' നിർബന്ധിതയായത്.

2007ൽ നിലവിൽവരാൻ പാകത്തിൽ 2003ലാണ് അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ആസിയാൻ സ്വതന്ത്ര വ്യാപാര കരട് കരാറിൽ ഒപ്പിട്ടത്. എന്നാൽ ഇടതുപക്ഷത്തിന്റെ ശക്തമായ എതിർപ്പിനെ തുടർന്ന് കരാർ നടപടികളുമായി സത്വരമായി മുന്നോട്ടുപോകാൻ പിന്നീടു വന്ന യു.പി.എ. ഗവർമെണ്ടിനു കഴിഞ്ഞില്ല. ഇപ്പോഴാകട്ടെ, ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതെ യു.പി.എ.ക്ക് ഭരണം കൈവന്നിരിക്കുന്നു. ജനദ്രോഹകരവും വൻകിട കുത്തക പ്രോത്സാഹനപരവുമായ കരാറുകളുടെ കാര്യത്തിൽ അറച്ച്നിൽപ്പിന്റെ കാര്യമില്ലെന്ന് ഇപ്പോൾ യു.പി.എ. ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു.

2003ൽ കരട് കരാറിൽ ഒപ്പിടുന്ന കാലം മുതൽ ഇതേവരെ കൃഷിക്കാരും കർഷക സംഘടനകളും കേരളംപോലുള്ള സംസ്ഥാനങ്ങളും ഉയർത്തിയ എതിർപ്പുകളെ തൃണവൽഗണിക്കുകയാണ് യു.പി.എ. സർക്കാർ ചെയ്തിരിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി പറഞ്ഞത് ആസിയാൻ കരാർ

കേരളത്തിന് ദോഷകരമല്ല, വലിയ നേട്ടമുണ്ടാക്കുന്നതാണു താനും എന്നാണ്. എ.കെ. ആന്റണിയും താനും കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന അഞ്ച് കൊല്ലം കേരളത്തിലെ കൃഷി ക്കാർക്ക് എങ്ങനെ 'നേട്ട'മുണ്ടായോ അതേ 'നേട്ടം', അതിലും വലിയ 'നേട്ടം' ആസിയാൻ കരാറിനെ തുടർന്ന് ഉണ്ടാകുമെ ന്നാണോ പ്രതിപക്ഷനേതാവ് ഉദ്ദേശിച്ചത്? കാർഷികമേഖല പാടേ തകർന്നതും കടക്കെണി കാരണം 1500ൽപ്പരം കൃഷിക്കാർ ആത്മഹത്യ ചെയ്തതുമാണല്ലോ ആ അഞ്ച് വർഷത്തെ നേട്ടം. തികച്ചും ജനാധിപത്യവിരുദ്ധമായും നിഗൂഢസ്വഭാവത്തോടെയു മാണ് ആസിയാൻ കരാറിൽ ഒപ്പുവെച്ചത്. കരാർ ഒപ്പിടാൻപോകു ന്നുവെന്ന പത്രവാർത്തയെ തുടർന്ന് ഞാനും സംസ്ഥാനത്തെ മന്ത്രിമാരും രാഷ്ട്രീയനേതാക്കളും പ്രധാനമന്ത്രിയെ കണ്ട് ചർച്ച നടത്തിയതാണ്. കേരളവുമായി വിശദമായ ചർച്ച നടത്താമെന്നും ആശങ്കതീർത്തേ ഒപ്പുവെക്കൂ എന്നും പ്രധാനമന്ത്രി സമ്മതിച്ചു. കരാർ ദോഷകരമായി ബാധിക്കാതിരിക്കാൻ മന്ത്രിതലകമ്മിറ്റിയു ണ്ടാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ നടന്നതെന്താണ്. രണ്ടുദിവസം കഴിഞ്ഞ് കേന്ദ്രമന്ത്രി ആനന്ദ്ശർമ്മ അമേരിക്കയി ലേക്ക് പറന്നു. അവിടെനിന്നുള്ള നിർദേശം കിട്ടിയിട്ടോ അഥവാ അനുഗ്രഹം വാങ്ങിയിട്ടോ രഹസ്യമായി ബാങ്കോക്കിലേക്ക് പറ ന്നു. അവിടെവെച്ച് കരാറിൽ ഒപ്പുവെച്ചു. തലയിൽ മുണ്ടിട്ട് ഒളിച്ചുകളി നടത്തുന്ന മട്ടിലാണ് കരാർ ഒപ്പിട്ടത്. ഒപ്പിട്ടശേഷമേ കാര്യം പുറത്തറിഞ്ഞുള്ളൂ. ചർച്ച നടത്തിയില്ല, മന്ത്രിതല കമ്മി റ്റിയെ നിയോഗിച്ചില്ല. ഇപ്പോൾ പറയുന്നു നെഗറ്റീവ് ലിസ്റ്റു ണ്ടെന്ന കാര്യം വി.എസ്. അച്യുതാനന്ദനെ അറിയിച്ചിരുന്നുവെ ന്ന്. എപ്പോഴാണറിയിച്ചത്. കരാർ ഒപ്പിട്ട് ദിവസങ്ങൾ കഴിഞ്ഞശേ

ഷം. നെഗറ്റീവ് ലിസ്റ്റുണ്ടെന്ന് കരാറിലെ ഒരു കക്ഷിപറഞ്ഞി ട്ടെന്താ കാര്യം. ആസിയാൻ രാജ്യങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? ആസിയാൻ കരാറിൽ നെഗറ്റീവ് ലിസ്റ്റെന്ന ഏർപ്പാടേ ഇല്ലെന്ന് ആസിയാൻ സഖ്യത്തിന്റെ ഭാരവാഹികൾ പറഞ്ഞതായല്ലേ പിന്നീട്വന്ന വാർത്തകൾ. നെഗറ്റീവ് ലിസ്റ്റും എക്സ്ക്ലൂസീവ് ലിസ്റ്റും ഉണ്ടായാൽപോലും ദീർഘകാലാടിസ്ഥാനത്തിൽ പ്രയോ ജനമില്ലെന്നതാണ് വസ്തുത. ഇതെല്ലാം മറച്ചുവെച്ച് തെറ്റിദ്ധാരണ പരത്താനാണ് കേന്ദ്രസർക്കാരും ഇവിടുത്തെ പ്രതിപക്ഷവും ശ്രമിക്കുന്നത്.

ആസിയാൻ കരാർ മൂവായിരത്തറുനൂറോളം ഉൽപ്പന്നങ്ങൾക്കായി രാജ്യത്തിന്റെ കവാടങ്ങൾ മലർക്കെ തുറന്നിട്ടുകൊടുക്കുന്നതാ ണ്. അതിൽ മുന്നൂറിൽപരവും കാർഷികോൽപ്പന്നങ്ങളാണ്. ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ, തായ്‌ലാൻഡ്, ബ്രൂണെ, മ്യാൻമർ, കംബോഡിയ, ലാവോസ്, വിയറ്റ്നാം എന്നിവിടങ്ങളിൽനിന്നുള്ള ഉൽപ്പന്നങ്ങൾ. കുരുമു ളകും തേയിലയും കാപ്പിയും പൈനാപ്പിളും പാമോയിലും മാത്ര മല്ല മാങ്ങയും ചക്കയും വരെ ഇങ്ങോട്ടു വരും. ഇറക്കുമതി തീരുവ പടിപടിയായി കുറച്ച് തീരേ ഇല്ലാതാക്കുകയാണ് കരാ റിന്റെ ലക്ഷ്യം. കാലാവസ്ഥാ സവിശേഷതകളാലും മറ്റും ആ രാജ്യങ്ങളിൽ കുറഞ്ഞ ചെലവിൽ ധാരാളമായി ഉൽപ്പാദിപ്പിക്ക പ്പെടുന്ന ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ നിറയ്ക്കുകയാണ് ലക്ഷ്യം. ശ്രീലങ്കയുമായുണ്ടാക്കിയ സ്വതന്ത്ര വ്യാപാര കരാർ വഴി ഇപ്പോൾത്തന്നെ തീരുവരഹിതമായി ഉൽപ്പന്നങ്ങൾ ഇങ്ങോട്ട് പ്രവഹിക്കുന്നുണ്ട്. ശ്രീലങ്കയെ ഒരു ഇടത്താവളമാക്കി മറ്റ്

ആസിയാൻ രാജ്യങ്ങളിൽനിന്നുള്ള ഉൽപ്പന്നങ്ങൾ ഇപ്പോൾത്തന്നെ ഇങ്ങോട്ടു വരുന്നുണ്ട്. ഇനി ഇടത്താവളത്തിന്റെയും ആവശ്യമില്ല എന്നതാണ് വരാൻ പോകുന്നത്. നാളികേരം, റബ്ബർ, കുരുമുളക് വിപണിയിൽ പിന്തള്ളപ്പെട്ടാൽ കേരളം സമ്പൂർണ തകർച്ചയിലേക്ക് മൂക്ക്കുത്തി വീഴും. മുപ്പത്തഞ്ച് ലക്ഷത്തിൽപരം വരുന്ന നാളികേര കൃഷിക്കാരാണ് കേരള കാർഷിക മേഖലയുടെ നട്ടെല്ല്. സംസ്കരിച്ച പാമോയിലിന്റെ ഇറക്കുമതിച്ചുങ്കം തൊണ്ണൂറ് ശതമാനംവരെ ആയിരുന്നത് പല ഘട്ടങ്ങളിലായി കുറച്ച് ഏഴര ശതമാനത്തിലെത്തിക്കുകയും ഇറക്കുമതി ചെയ്യുന്ന പാമോയിലിന് കിലോവിന് 15 രൂപ തോതിൽ സബ്സിഡി അനുവദിക്കുകയുമാണ് മുൻ യു.പി.എ. ഗവർമെണ്ട് ചെയ്തത്. ഉൽപ്പാദനച്ചെലവ് പോലും കിട്ടാതെ നാളികേര കൃഷിക്കാർ നട്ടം തിരിയുന്നത് അതിന്റെ ഫലമാണ്. പാമോയിലിന് അനുവദിച്ചതുപോലെ വെളിച്ചെണ്ണക്കും സബ്സിഡി അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം ബധിരകർണങ്ങളിലാണ് പതിച്ചത്.

ആസിയാൻ കരാറിന്റെ ഏറ്റവും പ്രതികൂലമായ വശം ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള രാജ്യത്തിന്റെ പരമാധികാരം ഇല്ലാതാക്കപ്പെടുന്നു എന്നതാണ്. ഇറക്കുമതി നിയന്ത്രിച്ച് വലിയ വിലയിടിവിൽനിന്നും കൃഷിയെയും കൃഷിക്കാരെയും രക്ഷിക്കാനുള്ള നമ്മുടെ പരമാധികാരം സംരക്ഷിക്കുക എന്നത് നിർണായക പ്രാധാന്യമുള്ള കാര്യമാണ്. ഇറക്കുമതി പൂർണമായി ഒഴിവാക്കണമെന്നോ, എല്ലാ ഉല്പന്നങ്ങൾക്കും എല്ലാ കാലത്തും ഏറ്റവും ഉയർന്ന ഇറക്കുമതി നികുതി ഈടാക്കണമെന്നോ അല്ല

പറയുന്നത്. ഇറക്കുമതിയുടെ ഭീഷണി വർധിക്കുകയും വിലകൾ ക്രമംവിട്ട് താഴുകയും ചെയ്യുന്ന സന്ദർഭത്തിൽ ചുങ്കനിരക്ക് ഉയർത്താനുള്ള രാജ്യത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം എന്നത് നിർബന്ധമാണ്. ഈ സ്വാതന്ത്ര്യമാണ് ഇന്ത്യാ-ആസി യാൻ കരാറിന്റെ പേരിൽ ഇപ്പോൾ ഇല്ലാതാവുന്നത്. തേയില, കാപ്പി, കുരുമുളക്, റബ്ബർ, റബ്ബർ ഉല്പന്നങ്ങൾ, സംസ്കരിച്ച മത്സ്യോല്പന്നങ്ങൾ തുടങ്ങി കേരളത്തിന്റെ നിർണായക പ്രാധാ ന്യമുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും കാര്യത്തിൽ ചുങ്ക-ചുങ്കേ തര പ്രതിബന്ധങ്ങൾ ഉയർത്താനുള്ള നമ്മുടെ അധികാരം ഈ കരാറിലൂടെ ഗണ്യമായി വെട്ടിക്കുറയ്ക്കപ്പെട്ടിരിക്കുകയാണ്. തെങ്ങുകൃഷിയെ രക്ഷിക്കുന്നതിന് പാംഓയിൽ ഇറക്കുമതി നിയ ന്ത്രിക്കുന്നതിനുള്ള അധികാരവും ഈ കരാറിലൂടെ നഷ്ടപ്പെടു ന്നുണ്ട്.

സ്വാഭാവിക റബ്ബറിനെ സംരക്ഷിത പട്ടികയിലാണുൾപ്പെടുത്തിയി രിക്കുന്നതെന്നാണ് പറയുന്നത്. പക്ഷേ, സ്വാഭാവിക റബ്ബറിന്റെ മേൽ ചുമത്താവുന്ന നികുതിയുടെ ഉയർന്ന പരിധി ഇരുപത് ശത മാനമായി നിജപ്പെടുത്തിയിരിക്കുകയാണ്. അന്തർദേശീയ കമ്പോളത്തിൽ വില എത്ര ഇടിഞ്ഞാലും ഇറക്കുമതി നികുതി 20 ശതമാനത്തിലപ്പുറത്തേക്ക് ഉയർത്താൻ കരാർ പ്രകാരം ഇന്ത്യക്ക് അധികാരമില്ലെന്നർത്ഥം. മാത്രവുമല്ല, മൂന്നു-നാലു വർഷത്തിനു ള്ളിൽ സിന്തറ്റിക് റബ്ബറിന്റെയും റബ്ബർ ഉല്പന്നങ്ങളുടെയും ഇറ ക്കുമതിച്ചുങ്കം പൂർണമായും എടുത്തുകളയണം എന്നാണ് കരാ റിലെ വ്യവസ്ഥ. എന്നുപറഞ്ഞാൽ ഈ ഉൽപ്പന്നങ്ങളുടെ കാര്യ ത്തിൽ ചുങ്കമേർപ്പെടുത്താനുള്ള ഇന്ത്യയുടെ അധികാരം ഏറെ

ക്കുറെ ഇല്ലാതാവുകയാണ്. ഇറക്കുമതി ചെയ്യുന്ന മഹാഭൂരി പക്ഷം ഉൽപ്പന്നങ്ങളുടെയുംമേൽ ഇറക്കുമതിച്ചുങ്കം ഏർപ്പെടു ത്താനുള്ള അധികാരം മൂന്നു-നാലുവർഷത്തിനുള്ളിൽ പൂർണ മായും എടുത്തുകളയുന്ന തരത്തിലാണ് ഇന്ത്യാ-ആസിയാൻ കരാർ തയ്യാറാക്കിയിട്ടുള്ളത്.

ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങളാണ് കേരള ത്തിലെ കാർഷിക മേഖലയെ തകർച്ചയിലേക്ക് തള്ളിയിട്ടത്. ഇന്ത്യൻ വിപണിയിൽ തീരുവരഹിതമായോ കുറഞ്ഞ തീരുവ യിലോ വിദേശ കാർഷികോൽപ്പന്നങ്ങൾ നിറഞ്ഞപ്പോൾ പ്രതി വർഷം കേരളത്തിലെ കൃഷിക്കാർക്ക് മാത്രം ഏഴായിരം കോടി രൂപയുടെ നഷ്ടമാണുണ്ടായത്. യു.ഡി.എഫ്. ഭരണകാലത്ത് വിലത്തകർച്ച കടക്കെണിയിലേക്ക് നയിക്കുകയും ഉൽപ്പാദനം മുരടിക്കുകയും ആയിരത്തഞ്ഞൂറിൽപരം കൃഷിക്കാർ ആത്മ ഹത്യ ചെയ്യുകയും ചെയ്തത് ഇതുകാരണമാണ്. കഴിഞ്ഞ മൂന്നര വർഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവർമെണ്ട് നട ത്തിയ ശ്രമങ്ങൾ കാരണം കർഷക ആത്മഹത്യാ പ്രവണത പൂർണമായും ഇല്ലാതാക്കാൻ കഴിഞ്ഞു. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുകയും അവരുടെ കുടും ബത്തിന് അരലക്ഷം രൂപവീതം ധനസഹായം നൽകുകയും കാർഷിക കടാശ്വാസനിയമം നടപ്പാക്കുകയും ചെയ്തു. മത്സ്യ ത്തൊഴിലാളി മേഖലയിലും കടാശ്വാസ നിയമം കൊണ്ടുവരി കയും കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുകയും ചെയ്തു. നെല്ലിന്റെ സംഭരണവില ഏഴിൽനിന്ന് 12 രൂപയാക്കി ഉയർത്തു കയും പലിശരഹിത വായ്പ നടപ്പാക്കുകയും കർഷകപെൻഷൻ

നടപ്പാക്കുകയും അടക്കം നിരവധി പദ്ധതികൾ നടപ്പാക്കി. അതിന്റെ ഫലമായി കേരളത്തിലെ കാർഷിക മേഖലയിൽ പുത്തനുണർവ്വുണ്ടായിരിക്കുന്നു. കാർഷികോൽപ്പാദനം ഗണ്യ മായി വർധിക്കുന്നു. തരിശുനിലങ്ങളിൽ വീണ്ടും കൃഷിയിറക്കു ന്നു. അരലക്ഷത്തോളം ഏക്കറിൽ വീണ്ടും നെൽകൃഷി ആരംഭി ച്ചു. നെല്ലുല്പാദനത്തിൽ 12 ശതമാനത്തിന്റെ വർദ്ധനയുണ്ടായി. അങ്ങനെയിരിക്കെയാണ് വീണ്ടും കേന്ദ്ര സർക്കാർ കടുത്ത ദ്രോഹം ചെയ്യുന്നത്. കേരളത്തിലെ കാർഷിക മേഖലയെ എ. കെ. ആന്റണി-ഉമ്മൻചാണ്ടി ഭരണകാലത്തെ അവസ്ഥയിലേക്ക് വീണ്ടും തള്ളിയിടുക - അതായിരിക്കും ആസിയാൻ കരാർ നട പ്പായാലുള്ള അവസ്ഥ. അതുകൊണ്ട് ആസിയാൻ കരാറിലെ കർഷകദ്രോഹകരമായ വ്യവസ്ഥകൾ മാറ്റിക്കുന്നതിന് അതിശ ക്തമായ പ്രചാരണ-പ്രക്ഷോഭ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഈ സെമിനാർ അതിന് സഹായകമാകുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് നിർത്തുന്നു.

അഭിവാദ്യങ്ങൾ...

✵✵✵✵✵✵